# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 95 — 10/12/2012 ൽ മറുപടിക്ക്

## പി.എസ്.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ

**ചോദ്യം:**

ശ്രീ. മോൻസ് ജോസഫ്
ശ്രീ. റ്റി.യു.കുരുവിള

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തിയിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച് വിശദാംശം ലഭ്യമാക്കാമോ;

(ബി) പി.എസ്.സി. യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

**ഉത്തരം:**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) 18.05.2011 മുതൽ 31.10.2012 വരെ പി.എസ്.സി.യിൽനിന്ന് വിവിധ തസ്തികകളിലേക്കായി 42,212 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി.യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് ഉദ്യോഗാർത്ഥികൾക്ക് സ്വയം ഡൗൺ ലോഡ് ചെയ്തെടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി.
2. എസ്.എം.എസ് വഴി ഉദ്യോഗാർത്ഥിയെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സജ്ജമായ വിവരം അറിയിക്കുന്നു.
3. പി.എസ്.സി ഉദ്യോഗസ്ഥർ നേരിട്ട് പരീക്ഷാ നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നു.
4. പരീക്ഷ കഴിഞ്ഞാലുടനെ ഉത്തര സൂചിക പ്രസിദ്ധീകരിക്കുന്നു.
5. ഒറ്റത്തവണ രജിസ്ട്രേഷൻ ആരംഭിച്ചു.
6. പരീക്ഷാ സമ്പ്രദായത്തിൽ സമൂലമായ മാറ്റം വരുത്തുന്നതിന്റെ ഭാഗമായി ചോദ്യ ബാങ്ക് രൂപീകരിക്കുവാൻ കമ്മീഷൻ നയപരമായി തീരുമാനിച്ചു.
7. പരീക്ഷകൾ ഓൺലൈനായി നടത്തുവാനുള്ള ആദ്യഘട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

8. വിവര സാങ്കേതിക വിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് റിക്രൂട്ട്മെന്റ് പ്രക്രിയകൾ വേഗത്തിലാക്കുന്നതിനുവേണ്ടിയുള്ള യന്ത്ര സംവിധാനങ്ങളുടെ പരമാവധി ഉപയോഗം പ്രയോജനപ്പെടുത്തുന്നുണ്ട്.

9. അപേക്ഷ സ്വീകരിക്കുന്നതും പരീക്ഷയുടെ ഹാൾടിക്കറ്റ് നൽകുന്നതും ഉത്തരക്കടലാസ് മൂല്യ നിർണ്ണയവും യന്ത്ര സഹായത്താലാണ് ചെയ്യുന്നത്. ഇതിനു വേണ്ടി 12 യന്ത്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

10. കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ എല്ലാ ആഫീസുകളിലും പൂർണ്ണമായിട്ടുണ്ട്.

11. പി.എസ്.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പ്ലാനിംഗ് ആന്റ് പ്രയോററ്റൈസേഷൻ കമ്മിറ്റി രൂപീകരിച്ചു.

12. ഡിപ്പാർട്ടുമെന്റൽ പരീക്ഷകൾക്കുള്ള അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും പരീക്ഷകൾ ഒ.എം.ആർ. രീതിയിൽ പരിവർത്തിപ്പിക്കുകയും ചെയ്യുന്നു.

13. ഒഴിവുകൾ ഓൺലൈനായി റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

14. കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ വേണ്ടി പി.എസ്.സി.യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**സെക്ഷൻ ഓഫീസർ**